LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

164(2805) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പ്ലാൻ, നോൺപ്ലാൻ, മറ്റ് ഫണ്ടുകൾ എന്നിവയുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതികളുടെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) എസ്.എൽ.റ്റി.എഫ്., ധനകാര്യ കമ്മിഷൻ അവാർഡ് എന്നിവയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ പ്ലാൻ, നോൺപ്ലാൻ, മറ്റ് ഫണ്ടുകൾ എന്നിവയുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും അവയുടെ അടങ്കൽ തുകയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) എസ്.എൽ.റ്റി.എഫ്., ധനകാര്യ കമ്മിഷൻ അവാർഡ് എന്നിവയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളേതെല്ലാമെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് നിർമ്മാണം

165(2806) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് പറയാമോ;

(ബി) പ്രവൃത്തി പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം എന്തൊക്കെയാണെന്ന് പറയാമോ;

(സി) പ്രസ്തുത പദ്ധതിയിൽ കാഞ്ഞങ്ങാട് നഗരത്തിലെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെയും അനുബന്ധരേഖകളുടേയും പകർപ്പുകൾ ലഭ്യമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2016 ജൂൺ 30-നാണ് നിർമ്മാണം പൂർത്തിയാക്കാൻ നിശ്ചയിച്ചിരിക്കുന്നത്.

(ബി) ഈ പദ്ധതിയിലെ മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട കാഞ്ഞങ്ങാട് ടൗണിന്റെ പണികൾ ആരംഭിച്ചെങ്കിലും ഈ പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടാത്ത അധിക പ്രവൃത്തികളും ഈ റോഡുമായി ബന്ധപ്പെട്ട അനുബന്ധ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളും കെ.എസ്.ടി.പി.യുടെ ചെലവിൽ ചെയ്യണമെന്നാവശ്യപ്പെട്ട് പൊതുജനങ്ങളും നഗരസഭയും നിർമ്മാണം തടസ്സപ്പെടുത്തുകയുണ്ടായി. ഇതിനെ തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ റോഡ് പരിശോധിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന് വിരുദ്ധമായി റോഡ് നിർമ്മിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് കാഞ്ഞങ്ങാട് ടൗൺ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പണി ചെയ്യുവാനും പ്രവൃത്തികൾ പുനരാരംഭിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്.

(സി) കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ മുഴുവൻ പ്രവൃത്തികൾക്കായുള്ള 133.06 കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് ലഭ്യമായിട്ടുള്ളത്. കാഞ്ഞങ്ങാട് ടൗണിന് മാത്രം പ്രത്യേകം എസ്റ്റിമേറ്റ് നിലവിലില്ല.

എടവനക്കാട് ഇക്ബാൽ റോഡിന്റെ നിർമ്മാണം

166(2807) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടവനക്കാട് ഇക്ബാൽ റോഡിന്റെ നിർമ്മാണത്തിനായി ഇതുവരെ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എടവനക്കാട് ഇക്ബാൽ റോഡിന്റെ നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly